മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: അവസാനിപ്പിച്ചിട്ടില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഒരിക്കൽ അന്വേഷിച്ചു. ഇനിമേൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനായി കുറെ കാലത്തേക്ക പോലീസ് Watch ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

183. (354) **Dr. (Mrs). T. Francis** *(Ernakulam-Womeh):* Will Government be pleased to state.—

(*a*) whether a petition was received by the Commissioner of Police dated 16th Kanni 1124 signed by a hundred and odd inhabitants of Cheranellur Desom complaining about serious disorders committed by certain persons of that locality consequent upon the last Legislative Assembly elections;

(*b*) if so, what action has been taken upon that petition?

Mr. E. Ikkanda Warriar *(Prime Minister):*

(*a*) and (*b*) Please see answer to Question No. **182** (353).

PETROL DISTRIBUTION FOR ELECTION PURPOSE—PARTICULARS OF

184. (98) മിസ്റ്റർ എ. ഈച്ചരമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഈ തിരഞ്ഞെടുപ്പിൽ എത്ര പെട്രോൾ ചിലവായി;

(ബി) എന്തു തോതിലാണ കൊടുത്തിരിക്കുന്നത്;

(സി) എല്ലാ സ്ഥാനാത്ഥികൾക്കും ഒരുപോലെയാണോ കൊടുത്തത്;

(ഡി) എല്ലാവരും അവരവക്ക വിധിച്ചിട്ടുള്ളതു ചിലവാക്കിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഈ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനു ആകെ ൧൭൩൫ ഗാലൻ പെട്രോൾ ക്ലപ്പൻ ചിലവാക്കിയിട്ടുണ്ട്.

(ബി) ഓരോ സ്ഥാനാത്ഥിക്കും ൩൦ ഗാലൻ വീതമാണ മൊത്തമായി കൊടുത്തിട്ടുള്ളതു. പാട്ടി സ്ഥാനാത്ഥികൾക്ക് അതാതു പാട്ടി മുഖാന്തിരമാണ വിതരണം ചെയ്തതു. പാട്ടി പ്രചരണാവശ്യത്തിനു വിശേഷാൽ കൂടുതലും പാട്ടി വാഹനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടു; പോളിങ്ങ്സ്ഥലം പരിശോധനക്കും ബാലട്ടുപെട്ടികൾ കൊണ്ടുപോകുന്നതിനും മറ്റും വേണ്ടതായ പെട്രോൾ എലക്ഷൻ ആഫീസർമാക്കും കൊടുത്തിട്ടുണ്ടു.

(സി) എല്ലാ സാമാന്യനിയോജക മണ്ഡലസ്ഥാനാത്ഥികൾക്കും ഒരുപോലെയാണ കൊടുത്തിട്ടുള്ളതു. വാണിജ്യവ്യവസായ സ്ഥാനാത്ഥികൾക്ക കൊച്ചിരാജ്യം മുഴുവൻ സഞ്ചരിക്കേണ്ടിയിരുന്നതിനാൽ കൂടുതൽ—അതായതു ൧൦൦ ഗാലൻവീതം—കൊടുത്തിട്ടുണ്ടു.

(ഡി) അതിനെപ്പറ്റി അറിവില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: എല്ലാസ്ഥാനാത്ഥികൾക്കും ഒരുപോലെയാണ് പെട്രോൾ കൊടുത്തിട്ടുള്ളതെന്നുപറഞ്ഞു. ഇതെല്ലാം ഗവൺമെണ്ടു നേരിട്ടാണൊ നടത്തീട്ടുള്ളതു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പാട്ടിസ്ഥാനാത്ഥികൾക്ക അതാതു പാട്ടിമുഖാന്തിരമാണ കൊടുത്തിട്ടുള്ളതു.

മിസ്റ്റർ ടി. പി. സീതാരാമൻ: ജന്മിമെമ്പർക്ക പെട്രോൾ കൊടുത്തിട്ടുണ്ടൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് എലക്ഷൻ ഉണ്ടായിട്ടില്ലാത്തതുകൊണ്ടു് കൊടുത്തിരിക്കാൻ വഴിയില്ല.

Mr. P. K. Dewer *(Labour):* Sir, Question Nos. 185 & 186 are about the same matter

Mr. President: That also may be put.

ERNAKULAM ABALASARANAM INDUSTRIAL SCHOOL—COMPLAINT REGARDING MANAGEMENT

185. (350) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) എറണാകുളം അബലാശരണം ഇൻഡസ്ട്രിയൽ സ്കൂളിന്റെ മാനേജ്മെണ്ടിനെ സംബന്ധിച്ചു വല്ല ആക്ഷേപവും ഗവൺമെണ്ടിലേക്ക കിട്ടീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതു നിലയാണ ഗവൺമെണ്ടു് അക്കാര്യത്തിൽ എടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ വ്യവസായ ഡയറക്ടരുടെ ചാർജ്ജ് ഏറ്റിരിക്കുന്ന "സ്റ്റേറ്റ് ജിയോളജിസ്റ്റ്"" ഈ ആക്ഷേപങ്ങളെക്കുറിച്ചു സ്വയിൽപോയി അന്വേഷണം നടത്തുകയുണ്ടായി. രണ്ടു മാസത്തെ ശമ്പളം ബാക്കി കൊടുക്കുവാൻ ഉണ്ടായിരുന്നു. ഉടൻ അതു കൊടുത്തു തീർക്കുവാൻ മാനേജരെ അറിയിക്കുകയും അപ്രകാരം മാനേജർ കൊടുത്തതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി സ്ഥാപനത്തെ സംബന്ധിച്ചുള്ള സകല വിവരങ്ങളും സ്ഥിരം വ്യവസായ ഡയറക്ടരോട് അന്വേഷിച്ചു റിപ്പോർട്ടുചെയ്യുവാൻ കല്പന അയച്ചിട്ടുണ്ട്.

186. (76) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) whether the Government have received a petition, dated 5th Thulam 1124 from the staff of the above school (Abalasaranam Girls' Industrial School, Ernakulam);

(*b*) if so, what are the complaints of the staff and what action has been taken on that?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) The Director of Industries and Commerce has received the petition.

(*b*) The complaint in the petition is that the salaries of the staff for the months of Chingam and Kanni 1124 were not disbursed to them by the Manager. The Director of Industries and Commerce made immediate enquiries into the complaints. The teachers have since been paid their salary by the Manager and the Manager has been instructed by the Director of Industries and Commerce not to cause delay in the disbursement of the salary of the staff.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ഡയറക്ടരുടെ ചാർജ്ജ് വഹിക്കുന്ന സ്റ്റേറ്റ് ജിയോളജിസ്റ്റ് അന്വേഷണം നടത്തുന്നതിനു മുമ്പ് ഇതിനെ സംബന്ധിച്ചു ആക്ഷേപം കിട്ടിയിട്ടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്. അതുകൊണ്ടല്ലെ അന്വേഷണം നടത്താൻ പറഞ്ഞതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അദ്ദേഹം അന്വേഷണം നടത്തുന്നതിനു് എത്ര നാൾ മുമ്പാണ് ആക്ഷേപം കിട്ടിയിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അധികം വൈകാൻ വഴിയില്ല. ചിങ്ങത്തിലേയും കന്നിയിലേയും ശമ്പളം കിട്ടിയിട്ടില്ലെന്നാണു് ആക്ഷേപം. അതുകൊണ്ടു തുലാത്തിലൊ, വൃശ്ചികത്തിലൊ ആയിരിക്കും ആക്ഷേപം അയച്ചിരിക്കുക.

മിസ്റ്റർ എം. ഐ. പോൾ: ഈ രണ്ടു മാസത്തെ ശമ്പളം കിട്ടിയില്ലെന്ന ആക്ഷേപം മാത്രമെ ഉള്ളൊ, അതൊ വേറെ വല്ല ആക്ഷേപവുമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേറെ എന്തെങ്കിലും ആക്ഷേപങ്ങൾകൂടി ഉണ്ടൊ എന്നു പറയണമെങ്കിൽ നോട്ടീസുവേണം. ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഇതു കൂടാതെ ശമ്പളം കൊടുക്കാതെ ഇരിക്കുന്നതെന്നു വേറെ വല്ല പരാതികളും ഉണ്ടായിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതിനെക്കുറിച്ചു് എന്തു നടപടി എടുത്തു എന്നു പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ഇതിലധികം റിക്കാർഡുകളും നോക്കിയിട്ടില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഒരു കൊല്ലത്തിനു മുമ്പുതന്നെ പല പരാതി ഹർജികളും കിട്ടിയിട്ടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇവിടെ ഒരു ഹർജികിട്ടിയിട്ടുള്ളതു് [illegible] ഇടവം [illegible]-ാംനു ആണു്. പിന്നിട് ശമ്പളം കിട്ടിയിട്ടില്ലെന്നു പറഞ്ഞുകൊണ്ടുള്ള ഹർജികളും ഉണ്ടൊ എന്നു് എനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ആക്ഷേപം എത്രമാസത്തെ ശമ്പളം ബാക്കി കൊടുക്കുവാനുണ്ടെന്നാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: രണ്ടുമാസത്തേക്കാണു് ഹർജിയിൽ പറയുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതുകൂടാതെ വേറെ വല്ല ആക്ഷേപവും ഹർജിയിൽ ഉണ്ടായിരുന്നൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശമ്പളം കൊടുത്തില്ലെന്നുള്ളതാണു് ആക്ഷേപം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഐ. പോൾ: ഈ സ്കൂളിലേക്ക് പലരും സംഭാവനകൾ കൊടുത്തിട്ടുള്ളതു മുഴുവൻ ഒരുപയോഗപ്പെടുത്തിക്കൊടുക്കുന്നു എന്നാക്ഷേപമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേറെ എന്തെല്ലാം ആക്ഷേപങ്ങൾ ഉണ്ടെന്നു പറയണമെങ്കിൽ നോട്ടീസ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അബ്ദുൽഖരണത്തിലെ ടീച്ചേഴ്സ് അധികവും അവിടെത്തന്നെയല്ലെ താമസിക്കുന്നതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയായിരിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ സ്കൂളിന്റെ ശരിയായ നടത്തിപ്പിനു വേണ്ടി ഒരു കമ്മറ്റിയെ വെക്കണമെന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിനെപ്പറ്റി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം. ഇതു് ഒരു പ്രൈവറ്റ് സ്കൂളാണു്. പ്രൈവറ്റ് സ്കൂളുകളിൽ ഗവൺമെണ്ടിനു് ഇങ്ങിനെയുള്ള ഒരു കമ്മിറ്റിയെ വെക്കാമോ എന്നു സംശയമാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: മാനേജ്മെന്റ് സ്കൂൾ ശരിയായി നടത്തുന്നില്ലെന്നുപറയുന്നു. അതിനു കാരണമുണ്ടു്. അപ്പോൾ ഒരു കമ്മറ്റി ഉണ്ടെങ്കിൽ ശരിയായി നടത്താൻ കഴിയും. അതിനു ഗവൺമെണ്ടു് വല്ല നടപടിയും എടുക്കുമോ എന്നു വ്യക്തമായി പറഞ്ഞാൽ കൊള്ളാം.

Mr. President: Order, order. The Hon'ble Member is making a speech.

LANDING CRAFTS—PROFIT AND LOSS—PARTICULARS OF

187. (171) Mr. P. K. Krishnankutty Menon *(Velladrapilli):* Will Government be pleased to state.—

(*a*) the amount of capital expenditure incurred by Government for the purchase of landing crafts, boats, etc., for running the Ferry between Ernakulam and Mattancheri;

(*b*) the annual establishment charges to be incurred for its running;

(*c*) the net profit or loss, if any, of the Government by running the Ferry for the first one year?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*) Rs. 2,49,281—11—8 till the end of 1123.

(*b*) Rs. 66,780—7—0 (for 8½ months since nationalisation on 15th Vrischigam 1123).

(*c*) Rs. 21,552—0—9 (Net profit till the end of 1123).

മിസ്റ്റർ പി. കെ. ഡീവർ: ക, ര൯, ക വ ഫ ത്രുപാ എന്നു പറയുന്നതു് ഇവിടെ ഉപയോഗിക്കുന്ന ലാൻഡിംഗ് ക്രാഫ്ടിന്റെ വിലമാത്രമാണൊ! അതൊ വേറെയും പല ലാൻഡിംഗ് ക്രാഫ്ട്സ് കാണുന്നുണ്ടു്. അതിന്റെ വിലകൂടി ഉൾപ്പെട്ടുമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: എല്ലാ ലാൻഡിംഗ്ക്രാഫ്ട്സിന്റെയും വില ഉൾപ്പെട്ടുമായിരിക്കും.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ കടത്തിനു് ഉപയോഗിക്കുന്നവ കൂടാതെ ബാക്കിയുള്ളതിന്റെ വില കൂടി ഉൾപ്പെട്ടുമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: തീച്ചുപറയണമെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇവിടെ പറഞ്ഞിട്ടുള്ള ലാഭം Establishment ചാർജ്ജസ് കഴിച്ചിട്ടുള്ളതാണൊ?

മിസ്റ്റർ കെ. അയ്യപ്പൻ: Establishment charges-ഉം മറ്റും കഴിച്ചുബാക്കിയുള്ള ലാഭമാണു്.

മിസ്റ്റർ എം. ഐ. പോൾ: ഗവൺമെണ്ടു് ഏറ്റെടുക്കുന്നതിനു മുമ്പു ഈ ലൈനിൽ ഒരു ബോട്ടുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നും അറിയാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: എത്ര ബോട്ടുകൾ ഉണ്ടായിരുന്നുവെന്നു പറയണമെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ എം. ഐ. പോൾ: ഈ ഒരു ബോട്ടുകൾ കൊണ്ടുമാത്രം ഈ കടത്തു നടക്കുകയില്ലെ?

LIBRARY ARCHIVES Kerala Legislative Assembly